**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3209** **13-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ തീർപ്പാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി തലത്തിലുള്ള ഒരു അദ്ധ്യാപകൻ മെഡിക്കൽ റീ ഇംബേഴ്സ്മെൻറിന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം അപേക്ഷയിൽ തീർപ്പ് കൽപ്പിക്കേണ്ടതുണ്ട്; അറിയിക്കാമോ; മലപ്പുറം ആർ.ഡി.ഡി. ഓഫീസിൽ ഇത്തരം അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വരുന്ന അകാരണമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഒരു മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷാ തുകയുടെ പരിധി അനുസരിച്ചു ജില്ലാ മെഡിക്കൽ ഓഫീസറുടെ/ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകി അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമാകുന്ന മുറയ്ക്ക് , റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ തലങ്ങളിൽ പരിശോധിച്ചു തുടർനടപടി സ്വീകരിച്ചാണ് തീർപ്പാക്കേണ്ടത്. ആയതിനാൽ മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റിന് അപേക്ഷ തീർപ്പാക്കുന്നതിനു ഒരു നിശ്ചിത സമയപരിധി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഭരണപരമായ കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.** |
| (ബി) | പ്രസ്തുത ഓഫീസിൽ 15.06.2020 ന് ശേഷം വന്ന അപേക്ഷകളിൽ ഏതിനെങ്കിലും ഇനിയും ഉത്തരവിറക്കാനോ ഉത്തരവായതിനുമേൽ ബിൽ പാസ്സാക്കാനോ ഉണ്ടെങ്കിൽ ആയതിനുള്ള കാരണം ഉൾപ്പെടെ വിശദവിവരം നൽകാമോ; | (ബി) | **15/06/2020 മുതൽ 15/06/2022 വരെ പ്രസ്തുത ഓഫീസിൽ 352 അപേക്ഷകൾ ലഭ്യമായതിൽ 25 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.** |
| (സി) | മലപ്പുറം ജില്ലയിലെ പി.പി.എം.എച്ച്.എസ്.എസ്. കൊട്ടുക്കരയിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകൻ ശ്രീ.സമീർ പി.സി - യുടെ മാതാവിന്റെ ചികിത്സാർത്ഥം നൽകിയ അപേക്ഷയിന്മേൽ, അപേക്ഷാ തീയതി മുതൽ ഇതുവരെ സ്വീകരിച്ച നടപടികൾ, തീയതി സഹിതം വിശദമാക്കാമോ; | (സി) | ശ്രീ.സമീർ പി.സി - യുടെ ഒന്നിലധികം അപേക്ഷകൾ മലപ്പുറം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നു. അതിൽ 11/08/2020 - ൽ ലഭിച്ച അപേക്ഷ 08/09/2020 - ൽ മലപ്പുറം മെഡിക്കൽ ഓഫീസർക്ക് പരിശോധനയ്ക്ക് നൽകുകയും ആയതു അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമായതിനു ശേഷം 03/01/2022 - ൽ അപേക്ഷകനു 19,291/- രൂപ അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.<br><br>ശ്രീ.സമീർ പി.സി - യുടെ 11/08/2020 - നു ലഭിച്ച മറ്റൊരു അപേക്ഷ ന്യൂനതകൾ പരിഹരിച്ചു |

| | | | |
|---|---|---|---|
| | | | 02/06/2021 - ൽ പുനർസമർപ്പിച്ചതിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകി 05/10/2021 - ൽ തിരികെ ലഭിയ്ക്കുകയുണ്ടായി. പ്രത്യേകാനുമതിയ്ക്കായി 23/10/2021 - ൽ ലഭ്യമായ അപേക്ഷയിന്മേൽ 23/12/2021 - ലെ ഉത്തരവ് പ്രകാരം 1,75,865/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഫയലിൽ പണം അനുവദിച്ച് ഉത്തരവായെങ്കിലും ഇതുവരെയും ട്രഷറിയിൽ ബിൽ പാസ്സാകാതിരുന്നത് എന്ത് കാരണത്താലാണെന്ന് വിശദമാക്കാമോ; ഇതിൽ മലപ്പുറം ആർ.ഡി.ഡി. ഓഫീസിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം അവസാനമാണ് ടി ബില്ലുകൾ മലപ്പുറം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭ്യമായത്. സാമ്പത്തിക വർഷം കഴിഞ്ഞുപോയതിനാലും ബില്ലുകൾ മാറാൻ സാധിക്കാത്തതിനാലും ഉത്തരവ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി വിഷയത്തിൽ ഭരണ പരമായ കാലതാമസം മാത്രമേ സംഭവിച്ചിട്ടുള്ളൂ. |
| (ഇ) | ഫയലുകൾ അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യാറുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ ഫയൽ വൈകിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഫയലുകൾ അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യാറുണ്ട്. ;ഈ വിഷയത്തിൽ അകാരണമായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ